*പതിമൂന്നാം കേരള നിയമസഭ*

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7485 — 17.07.2012 ൽ മറുപടിയ്ക്ക്

## മാലിന്യത്തിൽ നിന്നും കമ്പോസ്റ്റ് വളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| മാലിന്യത്തിൽ നിന്നും കമ്പോസ്റ്റ് വളമുണ്ടാക്കുവാൻ ഉള്ള ഉപകരണങ്ങളും , സബ്സിഡിയും കൃഷി ഭവനുകൾവഴി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം 30 അടി x 8 അടി x 2.5 അടി വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് മൊത്തം പദ്ധതി ചെലവായ 60,000 രൂപയുടെ 50 ശതമാനമായ 30,000 രൂപ ധനസഹായം നൽകുന്നു. ഈ പദ്ധതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഈ വർഷം മൊത്തം 350 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി 105 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി ഭവനുകൾ വഴി ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ